(ബി) ചേലക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ആവശ്യമായ അനുപാതത്തിൽ ഇല്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിന് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ചേലക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി&സി) ഇതുസംബന്ധിച്ച് ചില പരാതികളുണ്ട്. ചേലക്കര നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ വിശദ പരിശോധനയ്ക്കുശേഷമേ തീരുമാനിക്കാവൂ.

മാവൂർ കാൻസർ സെന്റർ

38(736) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സൗജന്യമായി വിട്ടുകിട്ടിയ ഭൂമിയിൽ കാൻസർ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാൻസർ സെന്റർ പ്രവർത്തനമാരംഭിക്കുന്നതിന് തസ്തികകൾ സൃഷ്ടിക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂർ തെങ്ങിലക്കടവിൽ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലത്ത് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി കാൻസർ സെന്റർ ആരംഭിക്കുവാനുള്ള പദ്ധതി 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിന്റെ ധനസഹായ പദ്ധതി XXII-ൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തസ്തിക സൃഷ്ടിക്കുന്ന നിർദ്ദേശങ്ങൾ ടി പദ്ധതിക്ക് നബാർഡിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

(സി) നബാർഡ് ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുനമ്പം സർക്കാർ ആശുപത്രി

39(737) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാർ, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ജീവനക്കാർ എന്നിവരുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുനമ്പം സർക്കാർ ആശുപത്രിയിൽ നിന്നും ഏതൊക്കെ വിഭാഗത്തിലുള്ള എത്ര ജീവനക്കാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്ഥലംമാറ്റിയെന്നും, പകരം ജീവനക്കാരെ നിയമിച്ചുവോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയെ ഹെൽത്ത് സെന്റർ നിലവാരത്തിലേക്ക് തരംതാഴ്ത്തുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) മുനമ്പം സർക്കാർ ആശുപത്രിയിൽ വിവിധ തസ്തികകളിലായി 25 ജീവനക്കാരുണ്ട്. വിശദാംശം താഴെചേർക്കുന്നു:

അസിസ്റ്റന്റ് സർജൻ	2
ഹെഡ് നഴ്സ്	2
സ്റ്റാഫ് നഴ്സ്	8
ഫാർമസിസ്റ്റ്	1
നഴ്സിംഗ് അസിസ്റ്റന്റ്	5
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2	5
പാർട്ട് ടൈം ക്ലീനർ	1

LIBRARY ARCHIVES Kerala Legislative Assembly